# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം – 695 033

## വിജ്ഞാപനം

നമ്പർ : 261/2010/സം.തി.ക. തിരുവനന്തപുരം 2010 സെപ്റ്റംബർ 25

WP (C) No. 27264/2010, WP (C) No. 27280/2010, WP (C) No. 27940/2010, WP (C) No. 28088/2010, WP (C) No. 28593/2010 എന്നീ റിട്ട് പെറ്റീഷനുകളിൽ 25.09.2010-ലെ ബഹു. കേരള ഹൈക്കോടതി വിധിയ്ക്ക് അനുസരണമായി 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 153 (4)(ഡി) വകുപ്പ് പ്രകാരം 2010 - ലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്കായി, ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങൾ വിവിധ വിഭാഗങ്ങൾക്കായി സംവരണം ചെയ്തു കൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2010 ആഗസ്റ്റ് 26-ാം തീയതി പുറപ്പെടുവിച്ച് 214/2010-ാം നമ്പർ വിജ്ഞാപനത്തിൽ ഭേദഗതിവരുത്തി, ടി. വിജ്ഞാപനത്തിലെ പട്ടികയിൽ (1)-ാം കോളത്തിൽ 8, 69, 104, 106 എന്നീ ക്രമനമ്പരുക്കൾക്കെതിരെ (3), (4) -ാം കോളങ്ങളിലായി കൊടുത്തിട്ടുള്ള 36 വിതുര, 58 ചിതറ, 26 അമരമ്പലം, 56 മങ്കട എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് പകരം (3), (4) -ാം കോളങ്ങളിലായി കൊടുത്തിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ പേരും (5) -ാം കോളത്തിലെ സംവരണ വിഭാഗത്തിന്റെ പേരും യഥാക്രമം താഴെപട്ടികയിൽ കാണിക്കുന്ന പ്രകാരം ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

### പട്ടിക

| ക്രമ നമ്പർ | ജില്ല | ജി. നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | സംവരണ വിഭാഗം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 8 | തിരുവനന്തപുരം | 50 | പെരിങ്ങമല | പട്ടികവർഗം |
| 69 | കൊല്ലം | 26 | കുളത്തൂപ്പുഴ | പട്ടികജാതി |
| 104 | മലപ്പുറം | 86 | പുറത്തൂർ | പട്ടികജാതി |
| 106 | മലപ്പുറം | 11 | വാഴക്കാട് | പട്ടികജാതി |

(ഒപ്പ്)

**പി. കമാൽകുട്ടി**
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം
തിരുവനന്തപുരം - 33.

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം – 695 033

## വിജ്ഞാപനം

നമ്പർ : 266/2010/സം.തി.ക. തിരുവനന്തപുരം 2010 സെപ്റ്റംബർ 30

WA No.1646/2010, WA No.1682/2010 എന്നീ റിട്ട് അപ്പീലുകളിൽ യഥാക്രമം 29.09.2010, 30.09.2010 എന്നീ തീയതികളിലെ ബഹു. കേരള ഹൈക്കോടതി വിധികൾക്കനുസരണമായി 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 153(4)(ഡി) വകുപ്പ് പ്രകാരം 2010- ലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ പൊതു തിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്കായി, ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങൾ വിവിധ വിഭാഗങ്ങൾക്കായി സംവരണം ചെയ്തു കൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2010 ആഗസ്റ്റ് 26-ാം തീയതി പുറപ്പെടുവിച്ച് 214/2010-ാം നമ്പർ വിജ്ഞാപനത്തിൽ ഭേദഗതിവരുത്തി, ടി വിജ്ഞാപനത്തിലെ പട്ടികയിൽ (1)-ാം കോളത്തിൽ 90, 361, എന്നീ ക്രമനമ്പരുക്കൾക്കെതിരെ (3), (4) -ാം കോളങ്ങളിലായി കൊടുത്തിട്ടുള്ള 75 ശ്രീമൂലനഗരം, 74 പൂമംഗലം എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് പകരം (3), (4) കോളങ്ങളിലായി കൊടുത്തിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ പേരും (5)-ാം കോളത്തിലെ സംവരണ വിഭാഗത്തിന്റെ പേരും യഥാക്രമം താഴെപട്ടികയിൽ കാണിക്കുന്നപ്രകാരം ഉൾപ്പെടുത്തി ഭേദഗതിചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

### പട്ടിക

| ക്രമ നമ്പർ | ജില്ല | ജി. നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | സംവരണ വിഭാഗം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 90 | എറണാകുളം | 51 | മഴുവന്നൂർ | പട്ടികജാതി |
| 361 | തൃശ്ശൂർ | 06 | ചൂണ്ടൽ | സ്ത്രീ |

(ഒപ്പ്)

**പി. കമാൽകുട്ടി**
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം
തിരുവനന്തപുരം - 33.

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : electionker@sify.com, Website : www.electionker.org